02/12/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 557*(2)/2020*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **10587**/*എസ്.ഐ.സി-ജി 6/20)*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.വി.എസ്.ശരത്ചന്ദ്രൻ,
നിള, കണ്ടല,
കൂവളശ്ശേരി പി.ഒ.,
തിരുവനന്തപുരം - 695 512. } അപ്പീൽ ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി ,
മാറനല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്,
മാറനല്ലൂർ, കൂവളശ്ശേരി പി.ഒ.,
തിരുവനന്തപുരം - 695 512. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.05.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.06.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 14.10.2020 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 14.10. 2020 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. വി.എസ്.ശരത്ചന്ദ്രൻ, 14.10.2020ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.557(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 04.05..2020ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാന്റെ വീടിന്റെ (ഡോർ നം.11/1119) ഇടതുഭാഗത്ത് പുതുതായി പണികഴിപ്പിക്കുന്ന കെട്ടിടത്തിന് നൽകിയിരിക്കുന്ന പഞ്ചായത്ത് അനുമതി സംബന്ധിച്ച്;-

1) കേരളാ പഞ്ചായത്ത് ബിൽഡിംഗ് റൂൾ അനുസരിച്ചാണോ കെട്ടിടം പണിയുന്നതെന്നും

2) കെട്ടിടം എന്താവശ്യത്തിനാണ് പണിയുന്നതെന്നും

3) കെട്ടിടം പണിയുന്നതിനായുള്ള അനുമതി ആവശ്യപ്പെട്ട് പഞ്ചായത്തിന് സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് നൽകണമെന്നും

4) കെട്ടിടം പണിയുന്നതിനായി പഞ്ചായത്ത് നൽകിയ അനുമതിയുടെ പകർപ്പ് നൽകണമെന്നും

5) ടി കെട്ടിടത്തിന്റെ പ്ലാനിന്റെ പകർപ്പ് നൽകണമെന്നുമാണ്.

ആയതിന് 01.06.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ വിവരങ്ങൾ അപര്യാപ്തമായതിനാൽ ടിയാന്റെ അപേക്ഷയിൽ മറുപടി നൽകാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചത്.

4. 23.10.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു. പരാതി ഹർജിക്കാരൻ ഹാജരായില്ല.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. ഹർജിക്കാരൻ നൽകിയ അപേക്ഷയിൽ ഫയൽ നമ്പർ, കാലയളവ് എന്നിവ ഇല്ലാതിരുന്നതിനാലും പെർമിറ്റ് രജിസ്റ്ററിൽ ശ്രീ.നവാസ്, ശ്രീമതി ഷാഹിദ എന്നിവരുടെ പേരിൽ പെർമിറ്റ് അനുവദിച്ചതായി കണ്ടെത്താൻ കഴിയാതിരുന്നതിനാലും തുടർന്നും ഇതേ വിവരങ്ങൾ തന്നെയാണ് ടിയാൻ ആവശ്യപ്പെട്ടതിനാലുമാണ് ആയതിന് മറുപടി നൽകാതിരുന്നതെന്നും എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്. എന്നാൽ ശ്രീ.നവാസ്, ഷാഹിദ എന്നിവരുടെ പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ ലഭിച്ചപ്പോൾ ആയതിൽ നിന്നും മുൻഫയൽ നമ്പർ ലഭ്യമായതിന്റെ അടിസ്ഥാ

നത്തിലാണ് ഹർജിക്കാരന് 27.10.2020ലെ മറുപടി നൽകിയിട്ടുള്ളതായി ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പു സഹിതം ഹാജരാക്കി അറിയിച്ചിട്ടുണ്ടെന്നുമാണ് അപ്പീൽ അധികാരി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിലും മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 27.10.2020ലെ കത്തിന്റെ പകർപ്പ് ഹർജിക്കാരന് വീണ്ടും അയച്ചുകൊടുക്കണമെന്ന് കമ്മീഷൻ എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 ഒക്ടോബർ 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)